പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2019. 10.10. 2011-ൽ മറുപടിയ്ക്ക്

## ഒഴിവുവരുന്ന മെഡിക്കൽ സീറ്റുകളിലെ പ്രവേശനം

| ചോദ്യം | മറുപടി |
|---|---|
| ഡോ. കെ.ടി. ജലീൽ | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) ഈ വർഷത്തെ മെഡിക്കൽ റാങ്ക് ലിസ്റ്റിൽ നിന്ന് ഏതെങ്കിലും ഒരു കോഴ്സിന് അഡ്മിഷൻ ലഭിച്ച വർക്കു ഹയർ ഓപ്ഷൻ ലഭിക്കുകയോ; മറ്റ് സംസ്ഥാന ങ്ങളിൽ അഡ്മിഷൻ ലഭിക്കുകയോ ചെയ്യുകയാണെങ്കിൽ സർട്ടിഫി ക്കറ്റുകൾ തിരികെ നൽകുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് നിഷ്ക്കർഷിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (എ) മെഡിക്കൽ, ദന്തൽ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ്/ സ്വകാര്യ സ്വാശ്രയ കോളേജുകളിലെ സർക്കാർ മെരിറ്റ് സീറ്റിൽ പ്രവേശനം നേടിയ എം.ബി.ബി. എസ്, ബി.ഡി.എസ് വിദ്യാർത്ഥികൾ അതേ അധ്യയന വർഷത്തിൽ പ്രവേശന നടപടികൾ പൂർത്തീകരിക്കുന്നതിന് മെഡിക്കൽ/ദന്തൽ കൗൺസിലുകൾ നിർദ്ദേശിച്ചിരിക്കുന്ന തീയതിക്കു മുമ്പ് ഹയർ ഓപ്ഷൻ ലഭിക്കുകയോ, മറ്റ് സംസ്ഥാനങ്ങളിൽ അഡ്മിഷൻ ലഭിക്കുകയോ ചെയ്യുകയാണെങ്കിൽ യാതൊരു നിബന്ധനയും കൂടാതെ തന്നെ സർട്ടിഫിക്കറ്റുകൾ തിരികെ നൽകുന്ന തിനുള്ള നടപടികൾ തുടർന്നു വരുന്നു. എന്നാൽ നിശ്ചിത പ്രവേശന തീയതിക്ക് ശേഷം മറ്റ് കോഴ്സുകൾക്ക് ചേരാനോ, മറ്റാവശ്യങ്ങൾക്കായോ പഠനം നിർത്തിയാൽ 1,50,000/- രൂപ ലിക്വി ഡേറ്റഡ് ഡാമേജസായി അടച്ചാൽ മാത്രമേ സർട്ടിഫിക്കറ്റുകൾ തിരികെ നൽകുകയുള്ളൂ. |

| | |
|---|---|
| (ബി) അപ്രകാരം ഒഴിവ് വരുന്ന സീറ്റുകളിൽ സംസ്ഥാന എൻട്രൻസ് ലിസ്റ്റിൽ നിന്ന് കുട്ടികളെ പ്രവേശിപ്പിക്കുന്നതിന് തടസ്സമായി നിൽക്കുന്നത് പ്രവേശന തീയതി യാണെന്നുള്ള കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) മെഡിക്കൽ/ദന്തൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തീയതി സെപ്റ്റംബർ 30 ആയി നിശ്ചയിച്ചിട്ടുള്ളത് മെഡിക്കൽ/ ദന്തൽ കൗൺസിലുകളാണ്. |
| (സി) പ്രവേശന തീയതിക്ക് ശേഷം ഒരു മാസത്തിനുള്ളിൽ മറ്റ് സംസ്ഥാന ങ്ങളിൽ പ്രവേശനം നേടുന്ന ഒഴിവിലേക്ക് സംസ്ഥാന എൻട്രൻസ് ലിസ്റ്റിൽ നിന്ന് പ്രവേശനം നൽകുന്ന കാര്യം പരിഗണിക്കുമോ; | (സി) പ്രവേശനത്തീയതി സെപ്റ്റംബർ 30 ആയി നിശ്ചയിച്ചിട്ടുള്ളത് മെഡിക്കൽ/ ദന്തൽ കൗൺസിലുകളാണ്. പ്രസ്തുത തീയതിക്കു ശേഷം അലോട്ട്മെന്റ് നടത്തുന്നതിന് ഇപ്പോഴത്തെ പരിത സ്ഥിതിയിൽ നിർവ്വാഹമില്ല. |
| (ഡി) ഹയർ ഓപ്ഷനിലൂടെ ഉയർന്ന കോഴ്സുകളിലേക്ക് പ്രവേശനം നേടുന്നവർക്കും സംസ്ഥാനന്തര വിദ്യാർത്ഥികൾക്കും മറ്റ് സംസ്ഥാ നങ്ങളിൽ മത്സരപരീക്ഷകളിൽ മെരിറ്റ് ലിസ്റ്റിൽ വരുന്ന വിദ്യാർ ത്ഥികളും നാല് വർഷത്തെ ഫീസ് നൽകണമെന്നുള്ള വ്യവസ്ഥ ഇളവ് ചെയ്യുന്ന കാര്യം പരിഗണിക്കുമോ? | (ഡി) ഇതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ